**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 403** **30-01-2024 - ൽ മറുപടിയ്ക്ക്**

**കേരളീയത്തിനു വിവിധ സ്ഥാപനങ്ങൾ നല്കിയ തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേരളീയം പരിപാടിക്കായി ധനകാര്യ വകുപ്പിന്റെ നിയന്ത്രണത്തിൽ വരുന്ന വിവിധ സ്ഥാപനങ്ങൾ നൽകിയിട്ടുള്ള തുകയുടെ വിശദാംശം ഇനം തിരിച്ച് ലഭ്യമാക്കുമോ? | (എ) | കേരളീയം പരിപാടിക്കായി ധനകാര്യ വകുപ്പിന്റെ നിയന്ത്രണത്തിൽ വരുന്ന സ്ഥാപനമായ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ, കേരളീയം പരിപാടിയുടെ സ്പോൺസർഷിപ്പായി **10,00,000/-** രൂപ നൽകിയിട്ടുണ്ട്. കൂടാതെ, കേരളീയത്തിന്റെ ഭാഗമായി 'കേരള ഇക്കണോമി' എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ സെമിനാറിലെ ചെലവുകൾക്കായി **1,95,575/-**രൂപയും ചെലവഴിച്ചിട്ടുണ്ട്.<br><br>ധനകാര്യ (ഇൻഫ്രാസ്ട്രക്ചർ) വകുപ്പിനു കീഴിലുള്ള കിഫ്ബിയിൽ നിന്നും 13/10/2023 തീയതിയിലെ സ.ഉ.(കൈ) നം.153/2023/ധന ഉത്തരവിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ കേരളീയത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾക്കായി 15 കോടി രൂപയുടെ ധനാനുമതി നൽകിയിരുന്നുവെങ്കിലും ആ ഇനത്തിൽ നാളിതുവരെ കിഫ്ബി തുകയൊന്നും ചെലവഴിച്ചിട്ടില്ല. എന്നാൽ, കേരളീയം പരിപാടിയുടെ ഭാഗമായി മോഡലുകൾ തയ്യാറാക്കുന്നതിനായി **1,77,000/-** രൂപയും, സെമിനാറുകൾ സംഘടിപ്പിച്ച ഇനത്തിൽ **1,20,793/-** രൂപയും, സ്റ്റാളുകൾ സ്ഥാപിക്കാൻ **61,19,193.26/-**രൂപയും മീഡിയ ഇനത്തിൽ **2,32,36,052.36/-** രൂപയും, വാടക, വൈദ്യുതി ചാർജ്ജ് എന്നീ ഇനങ്ങളിൽ **1,33,457/-** രൂപയും ചേർത്ത് ആകെ **2,97,86,495.62/-**രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ